"ഭരണ ഭാഷ മാതൃഭാഷ"

# ജില്ലാ ആശുപത്രി വടകര

കോഴിക്കോട് ജില്ല, വടകര-673 101

☎0496 2524259 ✉dhvatakara@gmail.com

നമ്പർ.സി3-5896/2025 തീയതി: 17.03.2026

## ക്വട്ടേഷൻ/ ലേല പരസ്യം

വടകര ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗ ശൂന്യമായതും , കാലഹരണപ്പെട്ടതുമായ ഇരുമ്പ്, സ്റ്റീൽ മുതലായ ലോഹനിർമ്മിത സാധനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളും സാമിഗ്രികളും വിൽക്കുന്നതിനായി മത്സര സ്വഭാവമുള്ള മുദ്ര വെച്ച ക്വട്ടേഷൻ ക്ഷണിക്കുന്നതിനും , ലേലം നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.ക്വട്ടേഷൻ/ ലേല തീയ്യതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജിഎസ്ടി രജിസ്ട്രേഷനുള്ള ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ക്വട്ടേഷൻ/ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

ക്വട്ടേഷനുകൾ 31.03.2026 ന് രാവിലെ 11.30 മണി വരെ സ്വീകരിക്കുന്നതാണ്. അന്നേദിവസം ഉച്ചയ്ക്ക് 12 മണിക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വെച്ച് മേൽ സൂചിപ്പിച്ച സാധനസാമിഗ്രികൾ പരസ്യമായി ലേലം ചെയ്യുന്നതാണ്.ഇഎംഡി തുക അടയ്ക്കുന്ന വ്യക്തിയോ ടിയാൾ നിർദ്ദേശിക്കുന്ന വ്യക്തിക്കോ (ഒരാൾ മാത്രം) മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ലേല നടപടികളിൽ പങ്കെടുക്കുന്നതിന് ജി.എസ്.ടി രജിസ്ട്രഷൻ നിർബന്ധമാണ്. ആയത് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കേണ്ടതാണ്.

പ്രസ്തുത ലേലത്തിൽ ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കും, ക്വട്ടേഷനുകൾ സമർപ്പിക്കാത്തവർക്കും 1000/-(ആയിരം രൂപ മാത്രം) നിരതദ്രവ്യം അടച്ച് പങ്കെടുക്കാവുന്നതാണ്. പരസ്യ ലേലം അവസാനിച്ച ശേഷം , ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ലേലത്തിലോ അല്ലെങ്കിൽ ക്വട്ടേഷനിലോ (രണ്ടും കൂടി ഒരുമിച്ച് പരിഗണിക്കുമ്പോൾ) എറ്റവും ഉയർന്ന തുക വിളിച്ച/ രേഖപ്പെടുത്തിയ വ്യക്തിയുടെയോ , സ്ഥാപനത്തിന്റെയോ പേരിൽ ലേലം ഉറപ്പക്കുന്നതായിരിക്കും. ലേലം ഉറപ്പിച്ച വ്യക്തി ലേലതുകയും നിയമാനുസൃതമായ നികുതിയും അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുകകൾ അടച്ച ശേഷം ലേലം ഉറപ്പിച്ച വ്യക്തി , ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല സാധനങ്ങൾ അവ ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ രോഗികൾക്കോ ജീവനക്കാർക്കോ

മുതൽ 5 മണി വരെ ) നീക്കം ചെയ്യേണ്ടതാണ്. ആശുപത്രി പരിസരത്ത് വെച്ച് ലേല സാധനങ്ങൾ മറുലേലം ചെയ്യാനും പാടില്ല.

മേൽ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം/ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും , ടിയാൾ അടച്ച തുക സർക്കാറിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം വിളിക്കുന്നതുമായിരിക്കും.

ലേലത്തിന് മുമ്പ് സാധനങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ സമയങ്ങളിൽ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്.

മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ, മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കാനോ മാറ്റി വയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. വ്യവസ്ഥകൾ പാലിക്കാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആശുപത്രി ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.(ഫോൺ നമ്പർ. 0496 2524259)

സൂപ്രണ്ട്

ജില്ലാ ആശുപത്രി വടകര

SUPERINTENDENT
Govt. District Hospital
Vatakara, Kozhikode (Dt.)

പകർപ്പ്

എ) നോട്ടീസ് ബോർഡ്

1. ഡയറക്ടർ പബ്ലിക് റിലേഷൻ വകുപ്പ് , ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (പത്ര പരസ്യത്തിന്)
2. ആരോഗ് വകുപ്പ് ഡയറക്ടർ തിരുവനന്തപുരം (വൈബ് സൈറ്റിലേക്ക്)
3. ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യം കോഴിക്കോട്
4. സെക്രട്ടറി ജില്ലാ പഞ്ചായത്ത് കോഴിക്കോട്/നഗരസഭ വടകര
5. സൂപ്രണ്ട് താലൂക്ക് ആശുപത്രി കൊയിലാണ്ടി നാദാപുരം കുറ്റ്യാടി
6. വില്ലേജ് ഓഫീസ് വടകര

ബി) ലേ സെക്രട്ടറി & ട്രഷറർ/സ്റ്റോർ സൂപ്രണ്ട്/ഫയൽ/കരുതൽ ഫയൽ

GOVT. DISTRICT HOSPITAL VATAKARA
PIN:673101
VATAKARA.KOZHIKODE